**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1904** **29-07-2021 - ൽ മറുപടിയ്ക്ക്**

**പ്രവാസി നിക്ഷേപം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | പ്രവാസി മലയാളികളുടെ സഹകരണത്തോടെ സംസ്ഥാനത്ത് പുതിയ ഏതൊക്കെ സംരംഭങ്ങളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്നും ഇതിലൂടെ എത്ര കോടി നിക്ഷേപമാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിങ് ലിമിറ്റഡ് എന്ന പ്രവാസി നിക്ഷേപ കമ്പനിയുടെ ആദ്യ സംരംഭമായി അന്താരാഷ്ട്ര നിലവാരത്തിൽ 30 വഴിയോര വിശ്രമ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന്റെ നടപടികൾ പുരോഗമിക്കുന്നു. 450 കോടി രൂപ നിർമ്മാണ ചെലവ് പ്രതീക്ഷിക്കുന്ന ഈ കേന്ദ്രങ്ങളിൽ 32500 ജോലി സാധ്യതകൾ ഉണ്ടാകും പ്രവാസി മലയാളികൾക്ക് ഇതിൽ നിക്ഷേപം ചെയ്യാനുള്ള അവസരം ലഭിക്കും |
| (ബി) | പ്രവാസി നിക്ഷേപം ആകർഷിക്കുന്നതിനായി അസെൻഡ് 2020 വ്യവസായ സംഗമത്തിലെ പദ്ധതി നിർദ്ദേശങ്ങളിൽ ഏതെല്ലാം പ്രാവർത്തികമായിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) | പ്രവാസി നിക്ഷേപം ആകർഷിക്കുന്ന തിനായി അസെൻഡ് 2020 വ്യവസായ സംഗമത്തിലെ പദ്ധതി നിർദ്ദേശങ്ങളിൽ പ്രവർത്തികമായിട്ടുള്ളവയുടെ വിവരം ചുവടെ ചേർക്കുന്നു മെ. കേരൾ ട്രാൻസ്ഫോർമേഴ്സ്, കോരാണി, തിരുവനന്തപുരം മെ. ക്ലീൻ & ക്ലീൻ, ഡി.എ.,വേളി, തിരുവനന്തപുരം ടി.എസ്.ടി.പ്ലൈ കിൻഫ്ര, കുന്നംതാനം, പത്തനംത്തിട്ട മെ. സായാസ് കിച്ചൻ, ഹരിപ്പാട്, ആലപ്പുഴ മെ. ജോയ്സോ പിഗ്-മെൻസ്, കിൻഫ്ര പാർക്ക് നെല്ലാട്, എറണാകുളം മെ. പോപ്പുലർ ഇൻഡസ്ട്രീസ്, ഡി.എ, എടയാർ, എറണാകുളം മെ. ഗാലക്സി അലുമിനിയം ഇൻഡസ്ട്രീസ്, പിറവം എറണാകുളം മെ. ഭാരത് ഗാർമെന്റ്സ്, എറണാകുളം മെ. ത്രീസ്റ്റാർ ക്രിയേഷൻസ് ആലുവ എറണാകുളം ജെ.എം. എഞ്ചിനിയറിങ്, തൊടുപുഴ ഇടുക്കി മെ. ആർട്ടിക് ബാത്ത് പ്രൈവറ്റ് ലിമിറ്റഡ്, കിൻഫ്ര പാർക്ക്, കൊരട്ടി തൃശ്ശൂർ മെ. സ്റ്റീലെക്സ് ഇന്നോവേഷൻസ്, ന്യൂ ഇൻഡസ്ട്രിയിൽ ഡവലപ്പ്മെന്റ് ഏരിയ കഞ്ചിക്കോട്. പാലക്കാട്. മെ. ട്രസ്റ്റീൽ പെബ് പ്രൈവറ്റ് ലിമിറ്റഡ് കഞ്ചിക്കോട്, പാലക്കാട് ബ്ലൂ-മൗണ്ട് ഗ്രൂപ്പ്, വെസ്റ്റ്ഹിൽ കോഴിക്കോട്. മെ. സിൻസിയർ എക്സ്ട്രാക്ഷൻ, കുറ്റിപ്പുറം മലപ്പുറം കോഴിക്കോടൻ അഗ്രോഫുഡ് & എക്സ്പോർട്ടേഴ്സ് |

| | | | |
|---|---|---|---|
| | | | ലിമിറ്റഡ് കാക്കൻചേരി, മലപ്പുറം മലയിൽ ഫുഡ് പാർക്ക് ,മലപ്പുറം അല്ല ക്രാഫ്റ്റ് മാനുഫാക്ചറിങ് & മാർക്കറ്റിങ്, പെരിന്തൽമണ്ണ, മലപ്പുറം മെ. നിസാമി ഇൻറർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ്, കിൻഫ്ര പാർക്ക് നാട്ടുകാണി, കണ്ണൂർ. മെ. മാർഷൽ ഇൻഡസ്ട്രീസ്, കൊലക്കോട്, കണ്ണൂർ. മെ. സൺറൈസ് അഗ്രോ ഫുഡ് പ്രൊഡക്ട്സ് അനന്തപുരം കാസർഗോഡ്. |
| (സി) | പ്രവാസി വ്യവസായികളെ ആകർഷിക്കുന്നതിനായി മുഖ്യമന്ത്രി ഗൾഫ് രാജ്യങ്ങൾ സന്ദർശിച്ചതിന്റെ ഫലമായി സംസ്ഥാനത്ത് നിക്ഷേപം സാധ്യമായിട്ടുണ്ടോ; വിശദവിവരം നൽകുമോ? | (സി) | അസെൻഡ് 2020 ഉൾപ്പെടെയുള്ള നിക്ഷേപ സംഗമങ്ങളിൽ താൽപ്പര്യം പ്രകടിപ്പിച്ച് പ്രവാസി ഗൾഫ് മലയാളികൾ ഉൾപ്പെടെയുള്ളവർ മുന്നോട്ടു വന്നിട്ടുള്ളത് ഇത്തരം ഔദ്യോഗിക സന്ദർശനങ്ങളിൽ നടത്തുന്ന ഫലപ്രദമായ ഇടപെടലുകൾ മൂലമാണെന്ന് വിലയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ